II.ഇ.ബി. XII--കേരള നിയമസഭ/V--7

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## **ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂൺ 29, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

49 (* 181) മരാമത്ത് വകുപ്പിന്റെ കീഴിലുള്ള പണികൾ

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.ടി.യു.കുരുവിള) നൽകിയ മറുപടിയിൽ, നിർമ്മാണ സമയത്ത് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ, ഇതര വകുപ്പുകളുടെ കേബിളുകളും മറ്റു സാധന സാമഗ്രികളും നീക്കം ചെയ്യാത്തതുമൂലമുണ്ടാകുന്ന തടസ്സങ്ങൾ, നിർമ്മാണത്തിനിടയ്ക്ക് വേണ്ടി വരുന്ന സാങ്കേതികമായ മാറ്റങ്ങൾ, കരാറുകാരുമായുണ്ടാകുന്ന തർക്കങ്ങൾ, കാലാവസ്ഥയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന വ്യതിയാനം, കുടിശ്ശിക കൊടുത്തുതീർക്കാത്തതുകൊണ്ടുവരുന്ന കാലതാമസം, ആവശ്യത്തിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരിക്കൽ എന്നീ കാരണങ്ങൾകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടക്കുന്ന പണികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ടെന്നും അവ സമയബന്ധിതമായി ചെയ്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേബിൾ, പൈപ്പ്ലൈനുകൾ എന്നിവയ്ക്കുവേണ്ടി

റോഡുകൾ കുഴിക്കുന്നതുമൂലമുണ്ടാകുന്ന കേടുപാടുകൾ പൊതുമരാമത്ത് ഡെപ്പോസിറ്റ് തുകയിൽ നിന്നും ടെണ്ടർ വിളിച്ച് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ത്വരിത പ്പെടുത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊതുമരാമത്ത് ഏറ്റെടുത്ത വർക്കുകളിൽ കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടുകൊണ്ട് മനപൂർവ്വം വർക്ക് താമസിപ്പിക്കുന്ന കോൺട്രാക്ടർ ക്കെതിരെ നടപടി സ്വീകരിക്കുകയും ഇത്തരം കേസ്സുമായി ബന്ധപ്പെട്ട് വിവിധ വകുപ്പ് തലങ്ങളിൽ ഇൻസ്പെക്ഷൻ നടത്തിയതിൽ 57 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മൂന്ന് മാസം കൂടുമ്പോൾ ഓരോ വർക്കുകളെപ്പറ്റിയും ഉദ്യോഗസ്ഥ തലത്തിൽ റിവ്യൂ നടത്തിവരുന്നുണ്ട്. ജനപ്രതിനിധികളേയുംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് റിവ്യൂ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെട്ടിട നിർമ്മാണ പണികളിൽ കാലതാമസം ഉണ്ടാകുന്നത് കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാത്തതു കൊണ്ടാണ്. ഇവയുടെ ടെന്റർ വിളിച്ച സമയത്തെ ടെന്റർ കണ്ടിഷൻവച്ച് റേറ്റ് ക്വാട്ട് ചെയ്തിരിക്കുന്നതുകൊണ്ട് പലിശയുടെ കോംപൗണ്ടിംഗ് ലഭ്യമായാൽ 2007 മാർച്ച് 31 വരെയുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ തയ്യാറാണ്. 1994-ലെ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടുകൂടി ഒ.ഡി.ആർ. മുഴുവനും പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ. . എം.ഡി.ആർ. ആക്കണമെങ്കിൽ ആക്ടനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലി ക്കേണ്ടതായിട്ടുണ്ട്. . സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ അഞ്ചു വർഷത്തെ ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത്

റോഡുകളിലുണ്ടാകുന്ന കുഴികൾ നികത്തുന്നതിന് പൊതുമാരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒരു ചെറിയ തുക അനുവദിക്കുന്ന കാര്യത്തെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഓരോ വർഷവും ലഭ്യമാകുന്ന തുക ഉപയോഗിച്ച് നാഷണൽ ഹൈവേകളുടെ മെയിന്റനൻസും നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. ഫൈനാൻസ് കമ്മിഷന്റെ അവാർഡ് പ്രകാരം റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ലഭ്യമാകുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണെന്നും അവരുടെ വിഹിതം സ്റ്റേറ്റ് ഫൈനാൻസ് കമ്മിഷനാണ് തീരുമാനിക്കുന്നതെന്നും ധനകാര്യ വകുപ്പുമന്ത്രി വെളിപ്പെടുത്തി. ഓരോ നിയോജകമണ്ഡലത്തിലും ഓരോ കോടി രൂപയുടെ വീതം വർക്കിന് എ.എസ്. കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കെ.എസ്.ടി.പി. ഏറ്റെടുത്ത വർക്കുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന് റൂൾസ് ഫ്രെയിം ചെയ്ത് കഴിഞ്ഞിട്ടുണ്ടെന്നും ഉടനെ പുറപ്പെടുവിക്കുന്നതാണെന്നും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കോൺക്രീറ്റ് ചാനലുകളും കേബിൾ ട്രെഞ്ചുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമെന്നും പഴയ റോഡുകൾക്ക് അവ പ്രായോഗികമല്ലെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

50 (*182) <u>അഗ്നിശമനസേനയുടെ നവീകരണം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 1962 വരെ അഗ്നിശമനസേന കേരള പോലീസ് സേനയുടെ ഭാഗമായിരുന്നുവെന്നും പ്രസ്തുത വർഷത്തെ

ഫയർ ഫോഴ്സ് ആക്ട് പ്രകാരം അഗ്നിശമന സേനയെ പോലീസ് സേനയിൽ നിന്നും വേർപെടുത്തി പ്രത്യേകം വകുപ്പായി രൂപീകരിച്ചുവെന്നും സഭയെ അറിയിച്ചു. 1962 മുതൽ 2002 വരെയുള്ള കാലയളവിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ ഈ വകുപ്പിൽ നടത്തിയിട്ടുണ്ട്. 2002-03 മുതൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വാട്ടർ ടെണ്ടർ, എമർജൻസി ടെണ്ടർ, ക്രാഷ് ടെണ്ടർ, വാട്ടർ ലോറി, ആംബുലൻസ്, ജീപ്പ്, സ്റ്റോർ വാൻ, മിനിബസ് ഉൾപ്പെടെ 216 വാഹനങ്ങൾ, ഒരു ലൈഫ് ഡിറ്റക്റ്റർ, 10 സെറ്റ് ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, 4 യൂണിറ്റ് ഫയർ ലിഫ്റ്റിംഗ് ബാഗുകൾ, 35 ചെയിൻസോകൾ, 40 അമോണിയം സ്യൂട്ടുകൾ, 40 പ്രോക്സിമിറ്റി സ്യൂട്ടുകൾ, 67 ടൂൾ കിറ്റുകൾ, 27 ഫ്ളോട്ട് പമ്പുകൾ, 18 പോർട്ടബിൾ പമ്പുകൾ, രണ്ട് ട്രെയിലർ പമ്പുകൾ, 20 സെറ്റ് ബ്രീത്തിംഗ് അപ്പാരറ്റസ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളും വാഹനങ്ങളും അനുവദിക്കാത്ത തൃപ്പൂണിത്തുറ, തൃക്കാക്കര, നെടുമങ്ങാട്, പെരിന്തൽമണ്ണ, പൈനാവ് ഫയർസ്റ്റേഷനുകളിൽ അവ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.. അപകട മരണങ്ങളുണ്ടാകുമ്പോൾ ഫയർ ഫോഴ്സിൽ മുങ്ങൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ടെന്നുള്ളത് കണക്കിലെടുത്ത് പുതുതായി റിക്രൂട്ട് ചെയ്യുന്നവർക്ക് നേവിയുടെ സേവനം കൂടി ലഭ്യമാക്കിക്കൊണ്ട് മുങ്ങൽ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തൃശൂരിലെ ഫയർ ഫോഴ്സ് അക്കാഡമിയിൽ അതിനുള്ള ക്രമീകരണ മുണ്ടാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി നീക്കി വച്ചിരിക്കുന്ന 5000 കോടി രൂപയിൽ നിന്നും സംസ്ഥാനത്തിന്

കൂടുതൽ ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനു മുൻപ് തന്നെ ഫയർ ഫോഴ്സ് നവീകരിക്കുന്നതിനുവേണ്ടി 92 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അടുത്ത നാല് മാസങ്ങൾക്കുള്ളിൽ കുറച്ച് തുക ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഫയർ ഫോഴ്സിനായി ഒരു ഹെലിക്കോപ്റ്റർ വാങ്ങിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.; അതിനുവേണ്ടി 34 കോടി രൂപ വേണ്ടിവരുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി തുടങ്ങിയ മെട്രോപ്പോളിറ്റൻ സിറ്റികളിൽ എല്ലാ സജ്ജീകരണ ങ്ങളോടുംകൂടിയ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണന യിലിരിക്കുകയാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഇത് നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ വലിയ കെട്ടിടങ്ങളിലും മറ്റും തീപിടിത്തമുണ്ടാകുമ്പോൾ അത് കൈകാര്യം ചെയ്യുന്നതിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 6 കോടി രൂപ വേണ്ടിവരുമെന്നും. പെരിങ്ങോം ഫയർ സ്റ്റേഷനിൽ വാഹനവും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതാണെന്നും നിലമ്പൂർ ഉൾപ്പെടെ അഞ്ച് ഫയർ സ്റ്റേഷനുകളിൽ വാഹന സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ചട്ടങ്ങളും നിബന്ധനകളും പാലിച്ചുകൊണ്ടാണോ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതെന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

51(* 183) <u>കാഷ്യൂ സ്പെഷ്യൽ ഓഫീസിന്റെ ചുമതലകൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ.ഗുരുദാസൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ "കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ" എന്ന ഏജൻസി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രോൽസാഹിപ്പിക്കുക, നിയമപരമായ അവകാശങ്ങൾ തൊഴിലാളികൾക്കു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുക, കശുമാവ് കൃഷി വികസിപ്പിക്കുകയും തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക, K.S.C.D.C Ltd; Capex എന്നിവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് മുഖാന്തിരം എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊള്ളുക എന്നീ ചുമതലകളാണ് കാഷ്യൂ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുള്ളത്. അനധികൃത കശുവണ്ടി സംസ്ക്കരണം തടയുന്നതിന് അനധികൃത ഫാക്ടറികൾ പരിശോധിക്കുന്ന ഇൻസ്പെക്ടർമാർക്കും കാഷ്യൂ സ്പെഷ്യൽ ഓഫീസർക്കും കൂടുതൽ അധികാരം നൽകുംവിധം "1967-ലെ അൺ രജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട്" ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും കശുവണ്ടി മേഖലയിലെ കുടിവറുപ്പ് തടയുന്നതിനും മറ്റ് എൻഫോഴ്സ്മെന്റ്

ജോലികൾക്കുമായി അത്യാവശ്യമായിവരുന്ന സൗകര്യങ്ങൾ ഉണ്ടാക്കണമെന്നും കാഷ്യൂ സ്പെഷ്യൽ ഓഫീസർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.. തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓർഗാനിക് കാഷ്യൂ കൾട്ടിവേഷനും Rawnut ബാങ്കും സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം ബാങ്ക് ബാദ്ധ്യത തീർക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷന് 22.32 കോടി രൂപയും പ്രവർത്തനമൂലധനമായി 11 കോടി രൂപയും നൽകിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് ബാങ്ക് വായ്പയുടെ ഗഡു അടയ്ക്കുന്നതിനുവേണ്ടി 30 കോടി രൂപയും കശുവണ്ടി വ്യവസായത്തിന്റെയും കശുമാവ് കൃഷിയുടേയും വികസനത്തിനുവേണ്ടി 8 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം KSCDC -യിൽ 1400 പേർക്ക് പുതുതായി നിയമനം നൽകുകയും തൊഴിലാളികളുടെ മിനിമം കൂലി 2007 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അത് എല്ലാ സ്ഥാപനങ്ങളിലും നടപ്പിലായിക്കൊണ്ടിരിക്കുകയാണ്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി 11-ാം പദ്ധതിയിൽ 5 വർഷംകൊണ്ട് നടപ്പിലാക്കത്തക്കവിധത്തിൽ 191 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. വനം, റവന്യൂ എന്നീ വകുപ്പുകളുടെ അധീനതയിലുള്ള പരമാവധി സ്ഥലം ജൂലൈ ആഗസ്റ്റ് മാസത്തിനു മുൻപ് തന്നെ കണ്ടെത്തിയും വ്യാപകമായി വച്ചുപിടിപ്പിച്ചിരിക്കുന്ന അക്കേഷ്യ മരങ്ങൾ മാറ്റിയും കശുമാവ്

വച്ചുപിടിപ്പിക്കാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. കശുവണ്ടി കോർപ്പറേഷനും കാപ്പക്സും ലാഭകരമാക്കി മാറ്റുന്നത് സംബന്ധിച്ച് വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ പ്ളാനിംഗ് ബോർഡ് മെമ്പറായ ശ്രീമതി മൃദുൽ ഈപ്പന്റെ നേതൃത്വത്തിൽ ഒരു ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഈ രണ്ട് സ്ഥാപനങ്ങളും ലാഭകരമാക്കാൻ പരിശ്രമിക്കുകയും അത് വിജയിപ്പിക്കുകയും ചെയ്യും. കാഷ്യൂ കോർപ്പറേഷനും കാപ്പക്സും മാതൃകാ സ്ഥാപനങ്ങളായി പ്രവർത്തിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ആരംഭിച്ചത്. എന്നാൽ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭ്യമാക്കാത്ത മുതലാളിമാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്നും കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും കാപ്പക്സിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള തൊഴിലാളികളുടെ ഗ്രാറ്റ്യുവിറ്റി ഈ വർഷം തന്നെ കൊടുത്തുതീർക്കാനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നതെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

52 (*191) <u>ഇ.എസ്.ഐ. ആശുപത്രികൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷൻ അനുവദിച്ച 80.33 ലക്ഷം രൂപ ഉപയോഗിച്ച് 12 ഇ.എസ്.ഐ. ആശുപത്രികളിലേയും കേടായ ആശുപത്രി ഫർണിച്ചർ, കട്ടിൽ, ഡ്രിപ്പ് സ്റ്റാന്റ്, സ്റ്റൂൾ,

എക്സാമിനേഷൻ കോട്ട്, ഫുഡ് ട്രോളി, മെഡിസിൻ ട്രോളി, ബെഡ് സൈഡ് ലോക്കർ, സ്ട്രക്ച്ചർ ട്രോളി, കിടക്ക, തലയണ, ബെഡ്ഷീറ്റ്, പില്ലോ കവർ, കർട്ടൻ തുടങ്ങിയവ മാറ്റി പുതിയത് വാങ്ങി സ്ഥാപിച്ചിട്ടുണ്ടെന്നറിയിച്ചു. 12 ആശുപത്രികളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷൻ സമയബന്ധിതമായി നടപ്പാക്കുന്നതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. സ്ഥാപനങ്ങൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

53 (*193) <u>ജൈവഗ്രാമങ്ങൾ ആരംഭിക്കുവാൻ നടപടി</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ സംസ്ഥാനത്ത് ഒരു ജൈവകൃഷി നയം രൂപീകരിച്ച് പ്രഖ്യാപിക്കുന്നതിനും ജൈവഗ്രാമങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചു.

54 (*196) <u>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ പ്രവർത്തനം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 22-2-2005-ലെ ഉത്തരവു പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നറിയിച്ചു. പരിശോധനാഫലങ്ങൾ കുറ്റമറ്റ രീതിയിൽ നൽകുന്നതിനുള്ള അത്യാവശ്യ ഉപകരണങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ നിലവിലുണ്ട്. രാസപരിശോധനാ വേളയിൽ രജിസ്റ്ററുകളിലും ബന്ധപ്പെട്ട രേഖകളിലും തിരുത്തലുകൾ വേണ്ടി വരുമ്പോൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കെമിക്കൽ ലബോറട്ടറി മാനുവൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

55 (*206) <u>പോലീസ് സേനയെ നവീകരിക്കാൻ നടപടി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 34 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായവും 112 പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള പാറാവ് സമ്പ്രദായം നിർത്തലാക്കി സ്റ്റേഷൻ സെക്യൂരിറ്റി ഓഫീസർ സമ്പ്രദായവും നടപ്പിലാക്കിയിട്ടുണ്ടെന്നറിയിച്ചു. പോലീസ് ട്രെയിനിംഗിന്റെ സിലബസ് നവീകരിക്കുകയും കമ്പ്യൂട്ടർ, ഡ്രൈവിംഗ്, സ്വിമ്മിംഗ്, വയർലെസ്സ് കമ്മ്യൂണിക്കേഷൻ മുതലായ സംഗതികൾ ഉൾപ്പെടുത്തിയ പുതിയ ട്രെയിനിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ കേരളാ പോലീസ് അക്കാഡമി പണിയുകയും ആധുനിക ട്രെയിനിംഗ് നൽകുകുയും ചെയ്തുവരുന്നതു കൂടാതെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി മോഡണൈസേഷൻ ഓഫ് സ്റ്റേറ്റ് പോലീസ് ഫോഴ്സ് എന്ന പദ്ധതി 2000-01 മുതൽ നടപ്പിലാക്കിവരുന്നു. ശാസ്തീയ കുറ്റാന്വേഷണ രീതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ, തൃശൂർ എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി തുടങ്ങിയിട്ടുണ്ട്. ഡി.എൻ.എ. ടെസ്റ്റിംഗ്,. ഫിംഗർ പ്രിന്റ് ഫെസിലിറ്റി എന്നിവ ഏർപ്പെടുത്തുന്നതിനും നുണ പരിശോധനയ്ക്കുള്ള യന്ത്രം സ്ഥാപിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

68 (1358) <u>കമ്മ്യൂണിറ്റി പോലീസിംഗ്</u>

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 'കമ്മ്യൂണിറ്റി പോലീസിംഗ്' നടപ്പാക്കുന്നതാണ്.

പോലീസ് സേനയും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുക, ക്രമ സമാധാനപാലനം കാര്യക്ഷമമാക്കുക ഇതുസംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കപ്പെടുകവഴി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് 'കമ്മ്യൂണിറ്റി പോലീസിംഗ്' കൊണ്ടുദ്ദേശിക്കുന്നത്.

69 (1381) <u>ടൂറിസം മേഖലയുടെ സ്വകാര്യവൽക്കരണം</u>

ടൂറിസം മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുവാനായി ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ സെൽ, ഇൻവെസ്റ്റുമെന്റ് സബ്സിഡി, വൈദ്യുത ചാർജ്ജിലുള്ള ഇളവ്, വിപണന സഹായം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

70 (1383) <u>ഇന്റർനാഷണൽ കൺവൻഷൻ സെന്റർ കോംപ്ളക്സ്</u>

സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി ഇന്റർനാഷണൽ കൺവൻഷൻ സെന്റർ കോംപ്ളക്സ് സ്ഥാപിക്കുന്നതിന് ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ താഴപ്പറയുന്നു:

സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള സ്വകാര്യ പങ്കാളിക്ക് ആക്കുളം കായലിനോട് ചേർന്നുള്ള 46 ഏക്കർ ഭൂമി 90 വർഷത്തെ പാട്ടത്തിന് നൽകും.

പാട്ടത്തുകയായി 17.93 കോടി രൂപ സ്വകാര്യ പങ്കാളി സർക്കാരിന് നൽകണം.

പാട്ടത്തുകയ്ക്കു പുറമെ ഈ പദ്ധതിയിൽനിന്നും ലഭിക്കുന്ന വാർഷിക ടേൺഓവറിന്റെ പങ്ക് സർക്കാരിന് നൽകേണ്ടതുണ്ട്.

സർക്കാരിന് 26 ശതമാനം ഇക്വിറ്റി ഉണ്ടായിരിക്കും.

മൂന്ന് വർഷ കാലത്തിനുള്ളിൽ പദ്ധതി പൂർത്തീകരണം

ആധുനിക കൺവൻഷൻ സെന്റർ, കോൺഫറൻസ് ഹാൾ, എക്സിബിഷൻ സൗകര്യം, വിനോദ സൗകര്യങ്ങൾ, ഹോട്ടലുകൾ/റിസോർട്ടുകൾ അത്യാധുനിക ഹൈടെക് സൗകര്യങ്ങൾ മുതലായവ സൃഷ്ടിക്കണം.

ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട ഒരു പദ്ധതിയും നട ത്താൻ പാടില്ല.

71 (1390) <u>ടൂറിസം പദ്ധതികൾ</u>

സംസ്ഥാനത്തെ വിവിധ ടൂറിസം പദ്ധതികൾക്കായി 106.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

72 (1405) <u>വഴിയോരം പദ്ധതി</u>

വഴിയോരം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനായി പ്രധാന റോഡുകളുടെ സൈഡിൽ 10 സെന്റ് ഭൂമി സ്വന്തമായിട്ടുള്ള സംരംഭകരിൽ നിന്നും അപേക്ഷ ക്ഷണിച്ച് പരസ്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കരാറിൽ ഒപ്പുവച്ച 35 പേരിൽ 12 പേർ നടപടികളുമായി മുന്നോട്ടു പോയി. ഇതിൽ രണ്ടെണ്ണം പൂർത്തിയാകുകയും ഒരെണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 100 കേന്ദ്രങ്ങളിലും അടുത്ത രണ്ട് വർഷത്തി നുള്ളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

73 (1409) <u>സബ് കോടതികൾ സ്ഥാപിക്കാൻ നടപടി</u>

സംസ്ഥാനത്ത് സബ്കോടതികൾ സ്ഥാപിക്കുന്നതിന് ഹൈക്കോടതി യുടെ അംഗീകാരത്തോടുകൂടി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പ ത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് പുതിയ സബ്കോടതി കൾ ആരംഭിക്കുന്നതാണ്.

74 (1410) <u>കേസുകൾ തീർപ്പാക്കുന്നതിന് നടപടി</u>

31-5-2007 വരെ ഹൈക്കോടതിയിൽ 1,21,508 കേസ്സുകളും വിവിധ കീഴ്ക്കോടതികളിൽ 30-4-2007 വരെ 9,11,451 കേസ്സുകളും നിലവിലുണ്ട്. ഹൈക്കോടതിയിൽ ഫയൽ ചെയ്തുവരുന്ന കേസുകളിൽ തീർപ്പാക്കിയവ, തീർപ്പാക്കാത്തവ എന്നിവയടങ്ങുന്ന പട്ടിക ഓരോ മാസവും തയ്യാറാക്കി

വിവിധ ജഡ്ജിമാർക്കും ബന്ധപ്പെട്ട ഓഫീസർമാർക്കും അവലോകനത്തിനായി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് ഈ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. കീഴ്ക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ അതാത് ജില്ലാ ജഡ്ജിമാർ ഹൈക്കോടതിയുടെ അനുമതിയോടെ സമയബന്ധിതമായി തീർപ്പാക്കൽ നടപടി സ്വീകരിച്ചുവരുന്നു. പഴയ കേസുകൾ തീർപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന വ്യാപകമായി 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

75 (1418) <u>നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം</u>

ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2005-2006-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 2.76 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്തുവരുന്നു.

76 (1419) <u>കാർഷിക രംഗത്തെ നൂതന പദ്ധതികൾ</u>

സംസ്ഥാനത്ത് കാർഷിക മേഖലയിൽ കേരളശ്രീ, ഹരിതശ്രീ, കേരശ്രീ, കിസാൻശ്രീ ഉൾപ്പെടെ 218.37 കോടി രൂപയുടെ വിവിധ പദ്ധതികളാണ് ഈ വർഷം പുതുതായി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

77 (1473) <u>കർഷകത്തൊഴിലാളി പെൻഷൻ വിതരണം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മേയ് മുതൽ 2006 ഒക്ടോബർ വരെയുള്ള 30 മാസത്തെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 1,97,36,87,644 രൂപ ചെലവഴിച്ചിട്ടുണ്ട്.

78 (1474) <u>എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

01-04-2006 മുതൽ 31-03-2007 വരെ സംസ്ഥാനത്തെ വിവിധ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത 10,773 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

79 (1487 &1489) <u>ക്ഷേമനിധി ബോർഡുകൾ</u>

സംസ്ഥാനത്ത് തൊഴിൽവകുപ്പിനു കീഴിൽ പതിമൂന്ന് ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ 1277997 നിർമ്മാണ തൊഴിലാളികൾ അംഗത്വമെടുത്തിട്ടുള്ളതിൽ 10781 പേർ പിരിഞ്ഞുപോവുകയും 75064 പേർ പെൻഷനാവുകയും ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി കഴിഞ്ഞ സാമ്പത്തികവർഷം 27,88,07,550 രൂപ ചെലവായിട്ടുണ്ട്.

80 (1494) <u>ബിവറേജസ് കോർപ്പറേഷന്റെ പ്രതിദിന വരുമാനം</u>

സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ 2006-07 സാമ്പത്തിക വർഷത്തെ പ്രതിദിന  വിറ്റുവരവ് 8.61 കോടി രൂപയാണ്.

81 (1496) <u>എക്സൈസ് വകുപ്പ് നൽകുന്ന പെർമിറ്റുകളിലെ ഹോളോഗ്രാഫിക്ക് സുരക്ഷാ ക്രമീകരണങ്ങൾ</u>

എക്സൈസ് വകുപ്പ് നൽകുന്ന പെർമിറ്റുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും അതിൽ ഹോളോഗ്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സുരക്ഷാ പാളിച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള ചുമതല സർക്കാർ ഉടമസ്ഥതയിലുള്ളതും ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതുമായ 'സി-ഡിറ്റി'ന് നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.